# <u>റൺ കേരള റൺ കാര്യപരിപാടികളും പ്രസംഗവും</u>

മുഴുവൻ വിദ്യാർഥികളും അധ്യാപകരും അനധ്യാപകരും സ്കൂളിൽ ഒത്തുകൂടി ക്കഴിഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥി/വ്യക്തി സംസാരിച്ചു തുടങ്ങണം - ഏകദേശം 10.15

''പ്രിയപ്പെട്ട വിശിഷ്ടാതിഥികളേ, പൊതുജനങ്ങളേ, സുപ്രഭാതം. എല്ലാവർക്കും ഹൃദ്യമായ സ്വാഗതം.
റൺ കേരള റൺ 2015 ൽ പങ്കെടുക്കാനായാണ് നാമിവിടെ ഒത്തുചേർന്നിരിക്കുന്നത്.
27 വർഷം നീണ്ട ഇടവേളയ്ക്കൊടുവിലാണ് ദേശീയ ഗെയിംസിന് ആതിഥേയരാവാൻ കേരളത്തിന് അവസരം ലഭിച്ചിരിക്കുന്നത്.
ജനുവരി 31 നു തുടങ്ങുന്ന മുപ്പത്തഞ്ചാമതു ദേശീയ ഗെയിംസിനുള്ള ഒരുക്കങ്ങൾ കുറച്ചു വർഷങ്ങളായി കേരളം ഊർജിതമായി നടത്തുകയായിരുന്നു.
നമുക്കെല്ലാവർക്കും അറിയാവുന്നതു പോലെ ഈ ഗെയിംസ് രാജ്യത്തിൽ അങ്ങോളമിങ്ങോളമുള്ള മികച്ച കായികപ്രതിഭകളെ ഒരുമിച്ച് ഒരു കുടക്കീഴിൽ അണിനിരത്തുന്നു. അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ നമുക്കും അഭിമാനിക്കാം.
ദേശീയ, രാജ്യാന്തര കായികരംഗത്ത് അറിയപ്പെടുന്നൊരു ചരിത്രമുണ്ട് നമ്മുടെ കേരളത്തിന്. നമുക്ക് ഏറെ അഭിമാനം തരുന്ന പ്രശസ്തരായ ഒട്ടേറെ കായികപ്രതിഭകളുമുണ്ട് നമ്മുടെ നാട്ടുകാരായി.
മുപ്പത്തഞ്ചാമതു ദേശീയ ഗെയിംസിന്റെ ആതിഥേയത്വത്തിനായി നമ്മളും തയാറെടുക്കേണ്ടിയിരിക്കുന്നു. ഗെയിംസിന് ആതിഥേയത്വം വഹിക്കാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുക മാത്രമല്ല, റൺ കേരള റൺ എന്ന ഈ പ്രതീകാത്മക കൂട്ടയോട്ടത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചുകൊണ്ടു നമ്മൾ ദേശീയ ഗെയിംസിനു പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുക കൂടിയാണ്.

ഇപ്പോൾ നമ്മൾ ഒരുമിച്ച് റൺ കേരള റണ്ണിന്റെ മുദ്രാഗാനം കേൾക്കാൻ പോകുകയാണ്. ഈ ഗാനം ഈ പരിപാടിക്കു വേണ്ടി പ്രത്യേകമായി ശ്രീ. ഒ.എൻ.വി. കുറുപ്പ് രചിച്ച് ശ്രീ. എം. ജയചന്ദ്രൻ ഈണം നൽകിയതാണ്''

(തീം സോങ് ലൗഡ് സ്പീക്കറിലൂടെ കേൾപ്പിക്കുന്നു)

‘‘ഇനി നമുക്കു റൺ കേരള റണ്ണിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടു പ്രതിജ്ഞ യെടുക്കാം’’

(പ്രതിജ്ഞ മൈക്കിലൂടെ വായിക്കുന്നു, സന്നിഹിതരായിരിക്കുന്ന മുഴുവൻ പേ രും ഏറ്റുചൊല്ലുന്നു)

**പ്രതിജ്ഞ**

കേരളത്തിന്റെ മഹത്തായ കായിക പാരമ്പര്യത്തിൽ ഞാൻ അഭിമാനിക്കുകയും ആവേശം കൊള്ളുകയും ചെയ്യുന്നു. ഇന്ത്യയ്ക്കും കേരളത്തിനും ഉജ്വല നേട്ട ങ്ങൾ സമ്മാനിച്ച ഈ മലയാള മണ്ണിന്റെ കായികപ്രതിഭകളെ നന്ദിപൂർവം സ്മരി ക്കുന്നു. കായികകേരളത്തിന്റെ ഐക്യവും ആവേശവും നിറയുന്ന റൺ കേരള റണ്ണിൽ പൂർണ മനസ്സോടെ പങ്കുചേരുന്നു. എന്റെ നാട്ടിൽ നടക്കുന്ന ദേശീയ ഗെയിംസിന്റെ വിജയം എന്റെ കൂടി ഉത്തരവാദിത്തമാണെന്നു മനസിലാക്കി എ നിക്കാവുംവിധം അതിനായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ജയ് ഹി ന്ദ് !

‘‘കൂട്ടയോട്ടം .... (സ്കൂളിന്റെ പേര്) ...ൽ നിന്നു ഫ്ലാഗ് ഓഫ് ചെയ്യാൻ ഇതാ സമ യമായിരിക്കുന്നു....’’

(റൺ കേരള റണ്ണിനായുള്ള പ്രത്യേക ടിഷർട്ടും തൊപ്പിയും ധരിച്ച രണ്ടു വിദ്യാർ ഥികൾ ബാനറിന്റെ ഇരുവശവും പിടിച്ച് ഏറ്റവും മുന്നിൽ. മറ്റുള്ളവർ അവർക്കു പിന്നിലായി അണിനിരക്കുന്നു).

(സന്നിഹിതനായ വിശിഷ്ടവ്യക്തി ഏറ്റവും മുന്നിൽ നിന്ന് കൂട്ടയോട്ടം ഫ്ലാഗ് ഓഫ് ചെയ്യുന്നു).

(കൂട്ടയോട്ടം തുടങ്ങിക്കഴിഞ്ഞാൽ സ്കൂൾ കമ്മിറ്റി വൊളണ്ടിയർമാർ മുദ്രാവാച കങ്ങൾ ചൊല്ലുകയും പങ്കെടുക്കുന്നവരെല്ലാം അത് ഏറ്റുചൊല്ലുകയും ചെയ്യണം).

**മുദ്രാവാചകങ്ങൾ**

ഒന്നിച്ചോടാം ഒരുമയ്ക്കായി
ഓരോ ചുവടും ഒരുമയ്ക്കായി
ഓടിയോടി ഉയർത്തീടാം
കേരള മണ്ണിൻ അഭിമാനം
●
ഒരു തിരിയായി തെളിഞ്ഞീടാം,
പല തിരിയായി ജ്വലിച്ചീടാം
ഒന്നിച്ചൊന്നായ് നിറഞ്ഞീടാം
ഈ നാടിനായി തിളങ്ങീടാം,
ആവേശച്ചൂടിൽ വിളിച്ചീടാം
ജയ്, ജയ് കായികകേരളം
ജയ്, ജയ് ദേശീയ ഗെയിംസ്
●
ഒന്നിച്ചൊന്നായ് ഒഴുകീടാം,
ഒരുമയോടെ പറഞ്ഞീടാം,
ജയ്, ജയ്കായിക കേരളം,
ജയ്, ജയ് ദേശീയ ഗെയിംസ്
●
അണിയണിയായ് ഞങ്ങളിതാ,
അലകടൽ പോലെ വരുന്നിതാ,
ജയ്, ജയ് കായിക കേരളം,
ജയ്, ജയ് ദേശീയ ഗെയിംസ്.
●
ഞങ്ങളിലില്ലാഭേദങ്ങൾ
ഞങ്ങൾക്കുള്ളത് കായിക ഐക്യം
ഞങ്ങളിലുള്ളത് കായികരക്തം
ആവേശത്തിൻ നിറയൊളി മാത്രം
●

(പുറത്തു നിന്നുള്ള വിശിഷ്ടാതിഥി ഇല്ലെങ്കിൽ സ്കൂൾ ഹെഡ്മാസ്റ്ററോ പ്രിൻസിപ്പലോ ഫ്ലാഗ് ഓഫ് നിർവഹിക്കണം. മുൻകൂട്ടി നിശ്ചയിച്ച വഴിയിലൂടെ സ്കൂളിനു പുറത്തേക്കു നീങ്ങുന്ന കൂട്ടയോട്ടം ഇരുനൂറോ അഞ്ഞൂറോ മീറ്റർ ആകുമ്പോൾ നേരത്തെ തീരുമാനിച്ച പോയിന്റിൽ എത്തി തിരിച്ച് സ്കൂളിലേ

ക്കു തന്നെ നീങ്ങണം. സ്കൂൾ റണ്ണിങ് പോയിന്റിലേക്കു തീരുമാനിക്കപ്പെട്ട പുറ ത്തു നിന്നുള്ള സംഘങ്ങളും ഇവരെ പിന്തുടരണം).

റൺ കേരള റൺ മുദ്രാവാചകങ്ങൾ കൂട്ടയോട്ടത്തിനിടെ വൊളന്റിയർമാർ ഉച്ച ത്തിൽ ചൊല്ലുന്നുണ്ടെന്നും കുട്ടികൾ ഏറ്റുചൊല്ലുന്നുണ്ടെന്നും ഉറപ്പാക്കണം.